"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് - അധിവർഷാനുകൂല്യ വിതരണം - 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും 30 കോടി രൂപ കൂടി വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.408/2025/LBR തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-
1. 12/09/2024-ലെ സ.ഉ.(സാധാ) നമ്പർ 942/2024/തൊഴിൽ.
2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/09/2024-ലെ 220/എ2/2012 നമ്പർ കത്ത്.
3. ലേബർ കമ്മീഷണറുടെ 17/10/2024-ലെ LCO/1004/2024/F(3) നമ്പർ കത്ത്.
4. 06/03/2025-ലെ സ.ഉ.(സാധാ) നമ്പർ 299/2025/തൊഴിൽ.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2230-01-103-72-10-കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്-അംശദാനം-സംഭാവന (നോൺ പ്ലാൻ) ശീർഷകത്തിൽ 100 കോടി രൂപ വകയിരുത്തിയിരുന്നു. വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 6-ാം ഖണ്ഡികയിൽ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അധിവർഷ ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി മേൽ ശീർഷകത്തിൽ 178 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

2. 2024 ഓഗസ്റ്റ് മാസം വരെയുള്ള കണക്ക് പ്രകാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3,19,246 അധിവർഷാനുകൂല്യ അപേക്ഷകളിലായി 479 കോടിയോളം രൂപ വിതരണം ചെയ്യാൻ കുടിശ്ശികയാണെന്നും, 2024-25 വർഷം സർക്കാർ ബജറ്റിൽ ബോർഡിനായി വകയിരുത്തിയ 100 കോടി രൂപയിൽ നിന്നും പരാമർശം (1) പ്രകാരം ലഭ്യമായ 10 കോടി രൂപ വിനിയോഗിച്ച്, 2018 മാർച്ച് വരെയുള്ള അപേക്ഷകളിലെ ആദ്യ ഗഡു ഭാഗീകമായി വിതരണം ചെയ്യുവാൻ മാത്രമേ സാധിക്കുകയുള്ളു എന്നും, പ്രസ്തുത സാഹചര്യത്തിൽ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ

മറികടക്കുന്നതിന് വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ മേൽ ശിപർശ പ്രകാരമുള്ള തുക അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത തുക അനുവദിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം ലേബർ കമ്മീഷണറും ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പു സാമ്പത്തിക വർഷം '2230-01-103-72-10 (സംഭാവന) നോൺ പ്ലാൻ' ശീർഷകത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള അംശദാനമിനത്തിൽ വകയിരുത്തിയിരുന്ന 100 കോടി രൂപയിൽ, പരാമർശം (1) പ്രകാരം അധിവർഷാനുകൂല്യ കുടിശ്ശിക വിതരണത്തിനായി അനുവദിച്ച 10 കോടി രൂപയും, പരാമർശം (4) പ്രകാരം മാച്ചിംഗ് ഗ്രാന്റ് കുടിശ്ശിക ഇനത്തിൽ അനുവദിച്ച 20 കോടി രൂപയും കൂടാതെ, അധിവർഷാനുകൂല്യ (റിട്ടയർമെന്റ് ബെനിഫിറ്റ്) വിതരണത്തിനായി 30 (മുപ്പത്) കോടി രൂപ കൂടി മേൽ ശീർഷകത്തിൽ നിന്നും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ഇത് സംബന്ധിച്ചുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലേബർ കമ്മീഷണർ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**O B ARUN KUMAR**

അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (25/03/2025-ലെ 2499974/LBR-2/234/2023-FIN നമ്പർ കുറിപ്പ് പ്രകാരം.)
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/137/2024-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Arun S R
Date: 27-03-2025 11:36:05

സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്.